"ഭരണഭാഷ–മാതൃഭാഷ"

# പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

വിഷയം : പഞ്ചായത്ത് വകുപ്പ്–ജീവനക്കാര്യം– പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ പ്യൂണായി (പ്രൊബേഷണറി പ്യൂൺ) സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ജ്യോതി.എൻ.ആർ. ന് പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തിരികെ നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. സ.ഉ.(സാധാ) 3279/2015/തസ്വഭവ തിയ്യതി 07.11.2015
2. പഞ്ചായത്ത് ഡയറക്ടറുടെ 21.12.2015 ലെ ഇ10–38738/15 നമ്പർ കത്ത്

## ഉത്തരവ് നമ്പർ E2-18/15 തിയ്യതി 04.01.2016

പാലക്കാട് ജില്ലയിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ 04.05.2010 ന് പ്യൂണായി ജോലിയിൽ പ്രവേശിച്ച ശ്രീമതി.ജ്യോതി.എൻ.ആർ.ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ പ്യൂണായി നിയമന ഉത്തരവ് ലഭിക്കുകയും ടിയാൾ 09.06.2011 ന് പഞ്ചായത്ത് വകുപ്പിൽ നിന്നും വിടുതൽ വാങ്ങി 10.06.2011 ന് ടി ബാങ്കിൽ പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ശാരീരികമായ കാരണങ്ങളാൽ സഹകരണ ബാങ്കിൽ ജോലിയിൽ തുടരുവാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാൾ തിരികെ പഞ്ചായത്ത് വകുപ്പിൽ നിയമനം ലഭിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ സമീപിച്ചെങ്കിലും കെ.എസ്. & എസ്.എസ്.ആർ പ്രകാരം ഇതിന് നിയമമില്ലാത്തതിനാലും സർക്കാരിന്റെ പ്രത്യേക ഉത്തരവ് ഉണ്ടെങ്കിൽ മാത്രമേ ഇതിന് സാധിക്കുകയുള്ളൂ എന്നതിനാലും ആയതിനുള്ള അനുമതിക്കായി സർക്കാരിന് 20.03.2013, 05.02.2013 തിയ്യതികളിൽ അപേക്ഷകൾ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ശ്രീമതി.ജ്യോതി.എൻ.ആർ. ന് കേരള സർവ്വീസ് റൂളിലേയും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തിരികെ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ആയതിൻ പ്രകാരം പാലക്കാട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തുടർന്നുണ്ടാകുന്ന ഒഴിവിൽ ടിയാളെ നിയമിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി. ജ്യോതി.എൻ.ആർ. എന്നവർക്ക് പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവിൽ പുനർ നിയമനം നൽകി ഉത്തരാവുകുന്നു.

ടിയാൾ ജില്ലാ സഹകരണ ബാങ്കിലെ പ്രൊബേഷണറി പ്യൂൺ തസ്തികയിൽ നിന്നും രാജി വെച്ചിട്ടുണ്ടെന്ന ജനറൽ മാനേജരുടെ കത്തിന്റെ അടിസ്ഥാനത്തിൽ പട്ടിത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ടി വിവരം യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
കെ.മുരളീധരൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
പാലക്കാട്

വ്യക്തിക്ക്
<u>പകർപ്പ്</u>

- ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, പാലക്കാട്
- സെക്രട്ടറി, പട്ടിത്തറ ഗ്രാമപഞ്ചായത്ത്
- ബഹു.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
- പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട്
- ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
- കരുതൽ/അധികം

ആജ്ഞാനുസരണം

ജൂനിയർ സൂപ്രണ്ട്

Suh/07.01.2016